## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8077 — 17.07.2014 ൽ മറുപടിക്ക്

### സൗജന്യ ഡയാലിസിസും സ്കാനിംഗും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>" വി.ഡി. സതീശൻ<br>" എം. എ. വാഹിദ്<br>" പി. സി. വിഷ്ണുനാഥ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിലെ ലാബുകളിൽ ഡയാലിസിസ്, സ്കാനിംഗ് എന്നിവയ്ക്ക് സൗജന്യ സേവനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) മിഷൻ 676-ൽ ഉൾപ്പെടുത്തി 601 മുതൽ 676 ദിവസംവരെയുള്ള കർമ്മപദ്ധതിയിൽ താലൂക്കാസ്ഥാന ആശുപത്രി വരെ സൗജന്യ ഡയാലിസിസ് സംവിധാനം സജ്ജമാക്കുവാനും 501 മുതൽ 600 വരെയുള്ള കർമ്മപദ്ധതിയിൽ സർക്കാർ ആശുപത്രികളിൽ സൗജന്യസ്കാനിംഗ് സംവിധാനം ലഭ്യമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കാരുണ്യാ ബെനവലന്റ് ഫണ്ട്, മിഷൻ 676, RBSK, പ്ലാൻ ഫണ്ട്, NRHM, പഞ്ചായത്ത് മുഖേനയുള്ള പദ്ധതികൾ എന്നിവ പ്രകാരം പരിഗണിക്കുന്നതാണ്. |
| (സി) പദ്ധതി നടപ്പാക്കുന്നതിന് ആശുപത്രികളിൽ എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് സജ്ജീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) പൂർണ്ണമായും അണുവിമുക്തമായതും എയർ കണ്ടീഷൻ സംവിധാനം ഉള്ളതുമായ മുറികളിലാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കേണ്ടത്. സ്ഥിരമായ വൈദ്യുതി ലഭ്യത ആവശ്യമായതിനാൽ ജനറേറ്റർ/യു.പി.എസ് സംവിധാനം അത്യാവശ്യമാണ്. സ്ഥിരജലലഭ്യതയും ആർ.ഒ പ്ലാന്റ് സംവിധാനവും അത്യാവശ്യമാണ്. ഡയാലിസിസ് നടക്കുമ്പോൾ ഉണ്ടാകുന്ന അത്യാഹിതങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ ഐ.സി.യു.സംവിധാനവും, ഓക്സിജൻ സപ്ലൈയും അത്യാവശ്യമാണ്. |

| | | |
|---|---|---|
| | | ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ഡയാലിസിസ് ടെക്നീഷ്യൻമാരുടെയും മറ്റും അനുബന്ധ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. അതോടൊപ്പം ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും അത്യാവശ്യമായ പരിശീലനം നൽകേണ്ടതുമുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഡി) നികുതി വകുപ്പിന്റെ 05/02/2013-ലെ (ആർ.റ്റി) നം.114/13/നികുതി നം. ഉത്തരവ് പ്രകാരം കാരുണ്യാ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ